(എ) പുതിയ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ അധിക മായി ലഭിക്കേണ്ടുന്ന മാർജിൻ മണിക്ക് ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് ഇതിനകം പുതുക്കിയ മാർജിൻ മണി നൽകിയിട്ടുണ്ട്;

(സി) ആർക്കും തുക നൽകിയിട്ടില്ലെങ്കിൽ കാരണമെന്ത്;

(ഡി) എത്രയുംവേഗം അധിക മാർജിൻ മണി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)മുതൽ(സി)വരെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

21 (2077) മാർജിൻ മണി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ വ്യവസായ യൂണിറ്റു കൾക്ക് ഇപ്പോൾ അനുവദിക്കുന്ന മാർജിൻ മണി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശ മുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ചെറുകിട വ്യവസായ സംരംഭകർക്ക് ഇപ്പോൾ സർക്കാരിന്റെ വിവിധ ഏജൻസികൾ വഴി നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാം ആണെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) പുതിയ വ്യവസായനയപ്രകാരം പുതുതായി തുടങ്ങുന്ന, നെഗറ്റീവ് ലിസ്റ്റിൽപെടാത്ത, എല്ലാ ചെറുകിട വ്യവസായങ്ങൾക്കും വർദ്ധി പ്പിച്ച നിരക്കിൽ അതായത് പദ്ധതി ചെലവിന്റെ 20% പരമാവധി രണ്ടരലക്ഷം രൂപ വരെ മാർജിൻ മണി ലോൺ ലഭ്യമാണ്. എന്നാൽ പ്രവാസി കേരളീയർ ആരംഭിക്കുന്ന യൂണിറ്റുകൾക്ക് പരമാവധി അഞ്ചുലക്ഷം രൂപവരെ മാർജിൻമണി ലഭ്യമാണ്.

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കെ.എഫ്.സി.യുടെ ഭരണസമിതി

22 (2078)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.യുടെ ഭരണ സമിതിയിൽ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ ഒരു പ്രതിനിധിയെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണ നയിലുണ്ടോ;

(ബി) ഇതിന് നിയമഭേദഗതി ആവശ്യമാണോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ നിയമസഭാസമിതിയുടെ ശുപാർശ ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എഫ്.സി.യുടെ ഭരണസമിതിയിൽ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആവശ്യമില്ല.

(സി) കെ.എഫ്.സി.യുടെ ഭരണ സമിതിയിൽ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ ഒരു പ്രതിനിധിയെ ഉൾപ്പെടുത്തണമെന്നതായിരുന്നു നിയമസഭാ സമിതിയുടെ ശുപാർശ. സമിതിയുടെ ശുപാർശ പ്രകാരം കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ പ്രസിഡന്റായ ശ്രീ. എം. മൊയ്തിനെ ഭരണസമിതിയിൽ അംഗമായി നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

തിരുവനന്തപുരത്തെ ടെക്നോപാർക്ക്

23 (2079)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതെല്ലാം;

(ബി) ടെക്നോപാർക്കിൽ സംരംഭകർക്കായി നീക്കി വച്ചിരുന്ന സ്ഥലം മുഴുവൻ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഇവിടെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്ന എത്ര കമ്പനികൾ ഉണ്ട്;

(ഡി) ട്രാൻസ്ക്രിപ്ഷൻ നടത്തുന്ന കമ്പനികൾ എത്ര; വ്യാവസായിക ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന കമ്പനികൾ എത്ര;

(ഇ) ഇവ ഓരോന്നിനും എത്ര കോടി രൂപ വിറ്റു വരവ് ഉണ്ട്;

(എഫ്)സോഫ്റ്റ് വെയർ വികസിപ്പിക്കുന്ന കൂടുതൽ കമ്പനികളെ ടെക്നോപാർക്കിലേക്ക് ആകർഷിക്കുവാൻ സർക്കാർ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ടെക്നോപാർക്കിൽ 36 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ടെക്നോപാർക്കിൽ സംരംഭകർക്കായി ഒരുക്കിയിട്ടുള്ള സ്ഥലം കമ്പനികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകിവരുന്നു. മുഴുവനും വിറ്റുപോയിട്ടില്ല. ഇപ്പോഴും കമ്പനികൾ വന്നുകൊണ്ടിരിക്കുന്നു.

(സി) 26 എണ്ണം.

(ഡി) ട്രാൻസ്ക്രിപ്ഷൻ കമ്പനികൾ 2, ഉൽപ്പാദനം നടത്തുന്ന കമ്പനികൾ 3, മറ്റു സർവ്വീസ് കമ്പനികൾ 5.

(ഇ) വിശദവിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly